**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5322** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ലീവ് റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരിൽ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും സിംഗിൾ ഡ്യൂട്ടി സമയം സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെ എട്ട് മണിക്കൂറും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സിംഗിൾ ഡ്യൂട്ടി സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ ഇടവേള ഒഴികെ ആറ് മണിക്കൂറും ആണെന്നിരിക്കെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് മാത്രമായി ഓരോ മാസത്തിലെയും രണ്ടാം ശനിയാഴ്ച പൊതു അവധിയായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതേ അനുപാതത്തിൽ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും കൂടി അവധി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ആണ് ബാധകമായിട്ടുള്ളത്. ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്ത മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രസ്തുത ആക്ട് ബാധകമല്ല.<br><br>കെ.എസ്.ആർ.ടി.സി.യിലെ ഓപ്പറേറ്റിങ് വിഭാഗത്തിൽപ്പെട്ട കണ്ടക്ടർ, ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെയും ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലിയുടെ സ്വഭാവം പൂർണ്ണമായും വ്യത്യസ്തം ആണ്.<br><br>കെ.എസ്.ആർ.ടി.സി.യിലെ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓഫീസ് സമയം മുൻകാലങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരുന്നു. തുടർന്ന് 2017-18 ൽ ടി സമയക്രമം രാവിലെ 09:30 മുതൽ വൈകുന്നേരം 05:30 വരെ ആക്കി പുനഃക്രമീകരിച്ചിരുന്നു. എന്നാൽ നിലവിൽ 02/02/2023 തീയതിയിലെ 647/GL8(LR)/2023/RTC നമ്പർ ഉത്തരവ് പ്രകാരം ഓഫീസ് വിഭാഗം ജീവനക്കാരുടെയും, ഓഫീസർമാരുടെയും പ്രവർത്തി സമയം രാവിലെ 9:30 മുതൽ വൈകുന്നേരം 5:00 മണി വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ഉച്ചസമയ ഇടവേള 13:00 മണി മുതൽ 13:30 മണി വരെയായും നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ഓപ്പറേറ്റിങ് വിഭാഗങ്ങളുടെ ജോലിയും ഉത്തരവാദിത്വങ്ങളും MTW Act, Factories Act എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയും കെ.എസ്.ആർ.ടി.സി.യിൽ ഓഫീസിൽ ജോലി |

നോക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലി സർക്കാർ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടേതിന് സമാനമായി Manual of Office Procedures-നെ അടിസ്ഥാനമാക്കിയുള്ളവയും ആണ്.

1950-ലെ RTC Act - Section 18 പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ലക്ഷ്യമായ സുഖമവും ഇടതടവില്ലാത്തതുമായ സർവ്വീസ് ഓപ്പറേഷൻ നിർവഹിക്കേണ്ട ഓപ്പറേറ്റിങ് വിഭാഗത്തിലെയും, ബസുകളുടെ മെയിന്റനൻസ്/Repair ജോലികൾ നിർവ്വഹിക്കുന്ന മെക്കാനിക്കൽ വിഭാഗത്തിലെയും, ബസുകളുടെ പരിപാലനത്തിന് ആവശ്യമായ സ്പെയർ പാർട്സുകൾ വർക്ക്ഷോപ്പുകളിൽ മുടക്കം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടുന്ന സ്റ്റോർ വിഭാഗത്തിലെയും, സർവ്വീസ് ഓപ്പറേഷനുമായി നേരിട്ട് ബന്ധപ്പെടുന്ന ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗത്തിലെയും ഉൾപ്പെടെ ഷിഫ്റ്റ് ഡ്യൂട്ടി നോക്കുന്ന എല്ലാ ജീവനക്കാർക്കും രണ്ടാം ശനി അവധി അനുവദിക്കുന്നില്ല.

കൂടാതെ Negotiable Instrument Act പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധിയ്ക്ക് അർഹരായ കെ.എസ്.ആർ.ടി.സി.യുടെ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ച് വരുന്നത്.

പ്രസ്തുത ACT പ്രകാരം എല്ലാ ശനിയാഴ്ച്ചകളിലും ഉച്ചയ്ക്ക് ശേഷം ടി വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ച്ചകൾ മുഴുവൻ സമയ പ്രവൃത്തി ദിവസങ്ങളാക്കേണ്ടിവരുമ്പോൾ, രണ്ട്, നാല് ശനിയാഴ്ച്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അർഹത ഉണ്ട്.

എന്നാൽ കെ.എസ്.ആർ.ടി.സി.യിൽ ഇപ്രകാരം അവധിയ്ക്ക് അർഹരായ ഓഫീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച്ച മാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ച് വരുന്നത്.

രണ്ടാം ശനിയാഴ്ച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് വഴി

| | | | |
|---|---|---|---|
| | | | കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. ആയതിനാൽ കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക്, രണ്ടാം ശനി അവധി ദിനത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ല. |
| (ബി) | പ്രസ്തുത ആനുകൂല്യം കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും കൂടി അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ആണ് ബാധകമായിട്ടുള്ളത്. ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്ത മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രസ്തുത ആക്ട് ബാധകമല്ല.<br><br>കെ.എസ്.ആർ.ടി.സി.യിലെ ഓപ്പറേറ്റിങ് വിഭാഗത്തിൽപ്പെട്ട കണ്ടക്ടർ, ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെയും ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും ജോലിയുടെ സ്വഭാവം പൂർണ്ണമായും വ്യത്യസ്തം ആണ്.<br><br>കെ.എസ്.ആർ.ടി.സി.യിലെ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓഫീസ് സമയം മുൻകാലങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരുന്നു. തുടർന്ന് 2017-18-ൽ ടി സമയക്രമം രാവിലെ 09:30 മുതൽ വൈകുന്നേരം 05:30 വരെ ആക്കി പുനഃക്രമീകരിച്ചിരുന്നു. എന്നാൽ നിലവിൽ 02/02/2023 തീയതിയിലെ 647/GL8(LR)/2023/RTC നമ്പർ ഉത്തരവ് പ്രകാരം ഓഫീസ് വിഭാഗം ജീവനക്കാരുടെയും, ഓഫീസർമാരുടെയും പ്രവർത്തി സമയം രാവിലെ 9:30 മുതൽ വൈകുന്നേരം 5:00 മണിവരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ഉച്ചസമയ ഇടവേള 13:00 മണി മുതൽ 13:30 മണി വരെയായും നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ഓപ്പറേറ്റിങ് വിഭാഗങ്ങളുടെ ജോലിയും ഉത്തരവാദിത്വങ്ങളും MTW Act, Factories Act എന്നിവയെ അടിസ്ഥാനമാക്കിയുള്ളവയും കെ.എസ്.ആർ.ടി.സി.യിൽ ഓഫീസിൽ ജോലി നോക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലി സർക്കാർ ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടേതിന് സമാനമായി Manual of Office Procedures-നെ അടിസ്ഥാനമാക്കിയുള്ളവയും ആണ്.<br><br>1950-ലെ RTC Act - Section 18 പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ലക്ഷ്യമായ സുഖമവും ഇടതടവില്ലാത്തതുമായ സർവ്വീസ് |

ഓപ്പറേഷൻ നിർവ്വഹിക്കേണ്ട ഓപ്പറേറ്റിങ് വിഭാഗത്തിലെയും, ബസുകളുടെ മെയിന്റനൻസ്/Repair ജോലികൾ നിർവഹിക്കുന്ന മെക്കാനിക്കൽ വിഭാഗത്തിലെയും, ബസുകളുടെ പരിപാലനത്തിന് ആവശ്യമായ സ്പെയർ പാർട്ട്സുകൾ വർക്ക്ഷോപ്പുകളിൽ മുടക്കം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടുന്ന സ്റ്റോർ വിഭാഗത്തിലെയും, സർവ്വീസ് ഓപ്പറേഷനുമായി നേരിട്ട് ബന്ധപ്പെടുന്ന ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗത്തിലെയും ഉൾപ്പെടെ ഷിഫ്റ്റ് ഡ്യൂട്ടി നോക്കുന്ന എല്ലാ ജീവനക്കാർക്കും രണ്ടാം ശനി അവധി അനുവദിക്കുന്നില്ല.

കൂടാതെ Negotiable Instrument Act - പ്രകാരം അവധി നൽകുന്ന സ്ഥാപനമാകയാലാണ് രണ്ടാം ശനി അവധിയ്ക്ക് അർഹരായ കെ.എസ്.ആർ.ടി.സി.യുടെ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അവധി അനുവദിച്ച് വരുന്നത്.

പ്രസ്തുത ACT പ്രകാരം എല്ലാ ശനിയാഴ്ച്ചകളിലും ഉച്ചയ്ക്ക് ശേഷം ടി വിഭാഗം ജീവനക്കാർക്ക് അവധി നൽകേണ്ടതാണ്. എന്നാൽ ഭരണപരമായ സൗകര്യാർത്ഥം ഇവയെ ഒന്നിപ്പിച്ച് ഒന്ന്, മൂന്ന് ശനിയാഴ്ചകൾ മുഴുവൻ സമയ പ്രവർത്തി ദിവസങ്ങളാക്കേണ്ടി വരുമ്പോൾ, രണ്ട്, നാല് ശനിയാഴ്ചകൾ പൂർണ്ണമായും അവധി നേടുന്നതിന് ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അർഹത ഉണ്ട്.

എന്നാൽ കെ.എസ്.ആർ.ടി.സി.യിൽ ഇപ്രകാരം അവധിയ്ക്ക് അർഹരായ ഓഫീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ചമാത്രമാണ് പൂർണ്ണമായും അവധി അനുവദിച്ച് വരുന്നത്.

രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. ആയതിനാൽ കെ.എസ്.ആർ.ടി.സി. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക്, രണ്ടാം ശനി അവധി ദിനത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ല.

കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്-ലെ സേവന ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്. ആയതിനാൽ ആക്ടിൽ നിർവ്വചിക്കാത്ത പ്രസ്തുത

| | | | |
|---|---|---|---|
| | | | അധിക ആനുകൂല്യം അനുവദിക്കുന്നതിന് കഴിയുകയില്ല.<br><br>ആയതിനാൽ കണ്ടക്ടർ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനി അനുവദിക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ